**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 1** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>സപ്ലൈകോയുടെ ഉത്സവകാല വിൽപ്പന</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ശക്തൻ

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എം. ആർ. ബൈജു

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** ഇത്തവണത്തെ സർക്കാർ ഓണച്ചന്തകളിലും സപ്ലൈകോ ഔട്ട്ലെറ്റുകളിലും മാവേലിസ്റ്റോറുകളിലും സൂപ്പർമാർക്കറ്റുകളിലും റെക്കോർഡ് വിൽപ്പന നടന്നിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഇത്തവണത്തെ സർക്കാർ ഓണച്ചന്തകളിലും സപ്ലൈകോ ഔട്ട്ലെറ്റുകളിലും മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും റെക്കോർഡ് വിൽപ്പന നടന്നിട്ടുണ്ട്.

2026 വർഷത്തെ ഓണത്തോടനുബന്ധിച്ച് ജൂലൈ 22 മുതൽ ഓഗസ്റ്റ് 25 ഉത്രാട ദിനം വരെയുള്ള 35 ദിവസത്തിനിടെ സപ്ലൈകോ ഓണച്ചന്തകളിലും സപ്ലൈകോ വില്പനശാലകളിലും 433.81 കോടി രൂപയുടെ റെക്കോർഡ് വിൽപ്പന നടത്തപ്പെട്ടു. ഈ വർഷം ഓണം ഫെയറുകളിലും സപ്ലൈകോ വില്പനശാലകളിലും തിരക്ക് വർദ്ധിച്ചതോടെ ഏറ്റവും കൂടുതൽ 27.85 കോടി രൂപയുടെ വിറ്റു വരവ് നടന്നത് ഉത്രാട ദിനത്തിലാണ്. ആകെ വിറ്റു വരവിൽ 155.39 കോടി രൂപ സബ്സിഡി ഇനത്തിലും 278.42 കോടി രൂപ സബ്സിഡി ഇതര ഇനത്തിലുമാണ് നടന്നത്. സബ്സിഡി വെളിച്ചെണ്ണ കഴിഞ്ഞ വർഷത്തേക്കാൾ 30 ശതമാനവും തുവരപ്പരിപ്പ് ഉൾപ്പെടെ വിവിധ ഉൽപ്പന്നങ്ങൾക്ക് 37 ശതമാനം വരെയും പൊതുവിപണി നിരക്കിൽ നിന്ന് വിലകുറച്ചാണ് ഇത്തവണ നൽകിയത്. ഏകദേശം 53.86 ലക്ഷത്തോളം പേരാണ് സപ്ലൈകോയിൽ നിന്ന് ഈ 35 ദിവസത്തിനിടയിൽ സാധനങ്ങൾ വാങ്ങിയത്.

തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിലെ മെഗാ ട്രേഡ് ഫെയറുകളടക്കം ജില്ലാ ഫെയറുകളിൽ നിന്നുള്ള വിറ്റുവരവ് 5.33 കോടി രൂപയാണ്. തിരുവനന്തപുരം മെഗാ ട്രേഡ് ഫെയറിൽ നിന്നുള്ള വിറ്റുവരവ് മാത്രം 94 ലക്ഷം രൂപയാണ്.

**(ബി)** പൊതുവിപണിയിലെ ഇടപെടൽ കൂടുതൽ കാര്യക്ഷമമായി നടത്താൻ കഴിഞ്ഞതിനാൽ ഉത്സവകാല വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞിരുന്നോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സപ്ലൈകോയുടെ പൊതു വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമായി നടത്താൻ കഴിഞ്ഞതിനാൽ ഓണവിപണിയിലെ വിലക്കയറ്റം പിടിച്ചു നിറുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ ഓണക്കാലം ഉൾപ്പെടെ ഉത്സവകാലങ്ങളിൽ കൃത്യമായ ആസൂത്രണത്തിലൂടെയും ഫലപ്രദമായ വിപണി ഇടപെടലിലൂടെയും അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനായി സപ്ലൈകോ

ആവശ്യമായ നടപടികൾ കൈക്കൊണ്ടിരുന്നു. സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സപ്ലൈകോ വിൽപ്പന ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ (പൊതു വിപണിയേക്കാൾ ശരാശരി 25% മുതൽ 35% വരെ വിലക്കുറവിൽ) ലഭ്യമാക്കിയിട്ടുണ്ട്. **(അനുബന്ധം 1)**

സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾ 15 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. ഇതിനുപുറമേ പൊതുവിപണിയേക്കാൾ ന്യായമായ നിരക്കിൽ അവശ്യ സാധനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ഉൽപ്പന്നങ്ങളും 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിൽപ്പന നടത്തിയിരുന്നു.

വിപണിയിടപെടലിന്റെ ഭാഗമായി ഓണക്കാലത്ത് എല്ലാ വർഷവും സപ്ലൈകോ ഓണം ഫെയറുകൾ സംഘടിപ്പിക്കാറുണ്ട്. ഈ വർഷവും ഓണത്തോട് അനുബന്ധിച്ച് ആഗസ്റ്റ് 8 മുതൽ 24 വരെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മെഗാ ട്രേഡ് ഫെയറുകളും 14 ജില്ലകളിലും ഓഗസ്റ്റ് 14 മുതൽ 25 വരെ വിപുലമായ രീതിയിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകളും സംഘടിപ്പിക്കുകയുണ്ടായി. പതിമൂന്നിന സബ്സിഡി സാധനങ്ങൾക്ക് പുറമേ, മറ്റ് അവശ്യഭക്ഷ്യവസ്തുക്കളും, വെജിറ്റബിൾ കൗണ്ടറുകളും, ഹോർട്ടികോർപ്പ് തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളുടെ കൗണ്ടറുകളും ഓണം ജില്ലാ ഫെയറുകളോട് അനുബന്ധിച്ച് ഒരുക്കിയിരുന്നു. **(അനുബന്ധം -3)**

കൂടാതെ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒരു പ്രധാന സപ്ലൈകോ വില്പനശാലയോട് അനുബന്ധിച്ച് 2026 ഓഗസ്റ്റ് 21 മുതൽ 25 വരെ ഓണം ഫെയറുകൾ നടത്തിയിട്ടുണ്ട്.

സപ്ലൈകോ വിൽപ്പനശാലകൾ വഴി പ്രമുഖ ബ്രാൻഡുകളുടെ 350 എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ടുകൾ നൽകിയിരുന്നു.

ഇപ്രകാരം ഈ ഓണക്കാലത്ത് കൃത്യമായ ആസൂത്രണത്തിലൂടെയും ഫലപ്രദമായ വിപണി ഇടപെടലിലൂടെയും അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ ഓണക്കാലത്തെ വിലക്കയറ്റം പിടിച്ചുനിർത്താൻ ഒരുപരിധിവരെ സഹായകരമായിട്ടുണ്ട്.

**(സി)** ഉത്സവകാല ആവശ്യം മുൻകൂട്ടി കണ്ട് അവശ്യ സാധനങ്ങളുടെയും സബ്സിഡി സാധനങ്ങളുടെയും പരമാവധി സ്റ്റോക്ക് എത്തിക്കാൻ കഴിഞ്ഞത് മൂലം വിൽപ്പന കൂടാൻ ഇടയായിട്ടുണ്ടോ; വിശദാംശം നൽകാമോ?

**മറുപടി:** വിൽപ്പന കൂടിയിട്ടുണ്ട്. ഓണക്കാലത്തെ ആവശ്യം മുൻകൂട്ടികണ്ട് സബ്സിഡി ഉൾപ്പെടെയുള്ള എല്ലാ അവശ്യ വസ്തുക്കളുടേയും പ്രത്യേകിച്ച് അരി, മുളക്, വെളിച്ചെണ്ണ, തുവര, ഉഴുന്ന്, കടല ഉൾപ്പെടെയുള്ള പയറുവർഗങ്ങളുടെയും ലഭ്യത എല്ലാ ഓണം ഫെയറുകളിലും സപ്ലൈകോ വില്പനശാലകളിലും ഈ ഓണക്കാലത്ത് ഉറപ്പാക്കിയിരുന്നു. കൂടാതെ, ഓണക്കാലത്ത് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നതിനായി സബ്സിഡി സാധനങ്ങൾ സംഭരിച്ചിരുന്നു. **(അനുബന്ധം -2)**

പഞ്ചസാര, വെളിച്ചെണ്ണ, തുവരപ്പരിപ്പ്, വൻപയർ, കടല തുടങ്ങി തുണി സഞ്ചിയടക്കം 16 ഇനം അവശ്യവസ്തുക്കൾ അടങ്ങിയ 837.25 രൂപയുടെ കിറ്റാണ് എ.എ.വൈ. കാർഡ് ഉടമകൾക്ക് സൗജന്യമായി ഈ ഓണക്കാലത്ത് നൽകിയിട്ടുള്ളത്. ഏകദേശം ആറുലക്ഷത്തിലധികം എ എ വൈ കിറ്റുകളാണ് സപ്ലൈകോ തയ്യാറാക്കി റേഷൻകടകളിൽ ഈ ഓണക്കാലത്ത് എത്തിച്ചിട്ടുള്ളത്.

കൂടാതെ, താഴെ പറയും പ്രകാരം കിറ്റുകൾ പൊതു വിപണിവിലയേക്കാൾ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ഈ ഓണക്കാലത്ത് സപ്ലൈകോ വിൽപ്പനശാലകൾ വഴി ലഭ്യമാക്കിയിരുന്നു.

i) അരി, വെളിച്ചെണ്ണ, പഞ്ചസാര, വിവിധ ശബരി മസാലകൾ തുടങ്ങി 21 ഇനങ്ങൾ അടങ്ങിയ പരമാവധി വില്പന വില 1280 രൂപയുള്ള അത്തം ഓണസമ്മാന കിറ്റ് ആയിരം രൂപയ്ക്ക് ലഭ്യമാക്കി.

ii) 25 ഇനങ്ങൾ അടങ്ങിയ ഉത്രാടം കിറ്റ് പരമാവധി വില്പന വിലയിൽ നിന്നും 380 രൂപ കുറച്ച് 1500 രൂപയ്ക്കും, മുപ്പതിനങ്ങളടങ്ങിയ പ്രീമിയം ഓണാഘോഷ കിറ്റായ തിരുവോണം കിറ്റ്, 540 രൂപ വിലക്കുറവിൽ 2000 രൂപയ്ക്കും സപ്ലൈകോ ലഭ്യമാക്കി.

iii) ഇതിനുപുറമേ പുട്ടുപൊടി, സേമിയ, പായസക്കൂട്ട്, മുളകുപൊടി, മഞ്ഞപ്പൊടി തുടങ്ങി 9 പ്രീമിയം ശബരി ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ശബരി സിഗ്നേച്ചർ കിറ്റ് 75 രൂപയിലധികം വിലക്കുറവിൽ 299 രൂപയ്ക്ക് സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഉപഭോക്താവിന് ലഭ്യമാക്കി.

കൂടാതെ, സപ്ലൈകോ വിൽപ്പനശാലകൾ വഴി എഴുപതോളം വിവിധ ബ്രാൻഡഡ് എഫ്. എം. സി. ജി. കമ്പനികളുടെ 350 ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം ഓഫറുകളും വിലക്കുറവും നൽകിയിരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾക്കും പ്രത്യേക കോമ്പോ ഓഫറുകളും വിലക്കുറവും ഈ ഓണക്കാലത്ത് നൽകിയിരുന്നു.

മേൽ വിവരിച്ചതു പ്രകാരം, ഓണക്കാലം മുൻകൂട്ടി കണ്ടുകൊണ്ട് സബ്സിഡി ഉൾപ്പെടെ എല്ലാ അവശ്യ സാധനങ്ങളുടേയും പരമാവധി സ്റ്റോക്ക് എത്തിക്കുവാൻ കഴിഞ്ഞതു മൂലം സപ്ലൈകോയുടെ ഇക്കൊല്ലത്തെ ഓണക്കാലത്ത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വിൽപ്പന വർദ്ധിക്കുവാനും അതുവഴി അവശ്യസാധനങ്ങൾ പൊതുജനങ്ങൾക്ക് ന്യായവിലയിൽ ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം – 1**</u>

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വിൽപ്പന വില (ജി.എസ്.റ്റി. പുറമേ) രൂപ | സബ്സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ചെറുപയർ (1 കി. ഗ്രാം) | 85.00 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് ബോൾ (1 കി. ഗ്രാം) | 87.00 | 1 കിലോ ഗ്രാം |
| 3 | വൻകടല (1 കി. ഗ്രാം) | 63.00 | 1 കിലോ ഗ്രാം |
| 4 | വൻപയർ (1 കി. ഗ്രാം) | 68.00 | 1 കിലോ ഗ്രാം |
| 5 | തുവര പരിപ്പ് (1 കി. ഗ്രാം) | 83.00 | 1 കിലോ ഗ്രാം |
| 6 | മുളക് (1 കി. ഗ്രാം) | 136.50 | 500 ഗ്രാം |
| 7 | മല്ലി ( 500 ഗ്രാം) | 47.25 | 500 ഗ്രാം |
| 8 | പഞ്ചസാര (1 കി. ഗ്രാം) | 34.65 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ 1 ലിറ്റർ (1/2 ലിറ്റർ സബ്സിഡി + ½ ലിറ്റർ നോൺ സബ്സിഡി) | 229.00 | 1 ലിറ്റർ വീതം (2 പായ്ക്കറ്റ് ) |
| 10 | ജയ അരി (1 കി. ഗ്രാം) | 33.00 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി (1 കി. ഗ്രാം) | 33.00 | |
| 12 | മട്ട അരി (1 കി. ഗ്രാം) | 33.00 | |
| 13 | പച്ചരി (1 കി. ഗ്രാം) | 29.00 | |
| നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്ത് നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ് | | | |

**അനുബന്ധം – 2**

**2026 ഓണക്കാലത്ത് സംഭരിച്ച സബ്സിഡി സാധനങ്ങളുടെ വിവരങ്ങൾ**

| | ജൂലൈ 2026 | | | ആഗസ്റ്റ് 2026 | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| ഇനം | അളവ് (ക്വിന്റൽ) | നിരക്ക് | തുക (ലക്ഷം രൂപ) | അളവ് (ക്വിന്റൽ) | നിരക്ക് | തുക (ലക്ഷം രൂപ) | അളവ് (ക്വിന്റൽ) | നിരക്ക് | തുക (ലക്ഷം രൂപ) |
| ചെറുപയർ | 15158 | 8384.39 | 1270.91 | 5937 | 8274.74 | 491.27 | 21095 | 8353.53 | 1762.18 |
| കടല | 13362 | 6845.98 | 914.76 | 5825 | 7296.24 | 425.01 | 19187 | 6982.67 | 1339.77 |
| ഉഴുന്ന് | 19749 | 10779 | 2128.74 | 9090 | 11538.38 | 1048.84 | 28839 | 11018.34 | 3177.58 |
| തുവരപ്പരിപ്പ് | 12417 | 9172.68 | 1138.97 | 4310 | 9308.38 | 401.19 | 16727 | 9207.65 | 1540.16 |
| വൻപയർ | 10266 | 8190.81 | 840.87 | 5070 | 9041.02 | 458.38 | 15336 | 8471.89 | 1299.25 |
| മുളക് | 8767 | 22012.89 | 1929.87 | 2136 | 23135.89 | 494.18 | 10903 | 22232.89 | 2424.05 |
| മല്ലി | 5681 | 17576.24 | 998.51 | 1484 | 17260.53 | 256.15 | 7165 | 17510.85 | 1254.65 |
| പഞ്ചസാര | 38740 | 4695.93 | 1819.20 | 33755 | 4864.54 | 1642.03 | 72495 | 4774.44 | 3461.23 |
| വെളിച്ചെണ്ണ | 284000 ലിറ്റർ | 200.802 | 570.28 | 3102500 ലിറ്റർ | 245.217 | 7607.86 | 3386500 ലിറ്റർ | 241.492 | 8178.14 |
| പച്ചരി | | | | 23340 | 2320 | 541.48 | 23340 | 2320 | 541.48 |
| മട്ട അരി | 47491 | 3983.82 | 1891.96 | 31100 | 4233.65 | 1316.67 | 78591 | 4082.68 | 3208.62 |
| ജയ അരി | 38440 | 4023.92 | 1546.79 | 28870 | 4294.98 | 1239.96 | 67310 | 4140.17 | 2786.75 |
| കുറുവ അരി | 30486 | 3829.71 | 1167.53 | 41270 | 4090.48 | 1688.14 | 71756 | 3979.69 | 2855.67 |
| **ആകെ** | | | | | | | | | **33829.52** |

## അനുബന്ധം – 3

**2026 ഓണത്തോടനുബന്ധിച്ച് ജില്ലാ ഫെയറുകൾ നടന്ന സ്ഥലങ്ങൾ**

| ക്രമ നം. | ജില്ല | ഓണം ജില്ലാ ഫെയർ നടന്ന സ്ഥലം |
|---|---|---|
| 1 | തിരുവനന്തപുരം | പുത്തരിക്കണ്ടം മൈതാനം, തിരുവനന്തപുരം |
| 2 | കൊല്ലം | ആശ്രാമം മൈതാനം, കൊല്ലം |
| 3 | പത്തനംതിട്ട | താഴെ തെക്കേതിൽ ബിൽഡിംഗ്, മാക്കാൻകുന്ന്, പത്തനംതിട്ട |
| 4 | കോട്ടയം | പോലീസ് സ്റ്റേഷൻ മൈതാനം, തിരുനക്കര, കോട്ടയം |
| 5 | ആലപ്പുഴ | YMCA ഹാൾ |
| 6 | ഇടുക്കി | പി.ജെ. ജോസഫ് മൈതാനം, ഗാന്ധി സ്ക്വയർ, തൊടുപുഴ |
| 7 | എറണാകുളം | ഹെലിപ്പാട് ഗ്രൗണ്ട് (ജവഹർലാൽ നെഹ്റു സ്റ്റേഡിയം) കലൂർ |
| 8 | തൃശ്ശൂർ | തൃശ്ശൂർ കോർപ്പറേഷൻ പാലസ് ഗ്രൗണ്ട് (ഹോക്കി ഗ്രൗണ്ട്) |
| 9 | മലപ്പുറം | ഡാലിയ കെ.പി. അവന്യൂ മലപ്പുറം |
| 10 | പാലക്കാട് | ചെറിയകോട്ട മൈതാനം |
| 11 | കോഴിക്കോട് | കോഴിക്കോട് ബീച്ച് (മെഗാഫെയർ) |
| 12 | വയനാട് | പുതിയ ബസ് സ്റ്റാന്റ് പരിസരം, കൽപ്പറ്റ |
| 13 | കണ്ണൂർ | കളക്ടറേറ്റ് കോമ്പൗണ്ട്, കണ്ണൂർ |
| 14 | കാസർഗോഡ് | നീലേശ്വരം ബസാർ തെരു ജംഗ്ഷൻ |